21/02/2024 രാവിലെ 10.30 മണിക്ക് കണ്ണൂർ ഐ വി ഒ ചേംബറിൽ വെച്ച്ചേർന്ന സിറ്റിസണ് അസിസ്റ്റന്റ് ഉപജില്ലാ സമിതി 4 ന്റെ യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും

1. വി. വി. രത്നാകരൻ -കൺവീനർ& ഐ. വി. ഒ -(ഒപ്പ് )

2. ദിലീപ് കുമാർ കെ -അസിസ്റ്റൻറ് എക്സി. എൻജിനിയർ LSGD -(ഒപ്പ് )

3. രാജീവ് പി എം - അസിസ്റ്റൻറ് ടൌണ് പ്ലാനർ LSGD Planning (ഒപ്പ് )

4. ഷജിൽ ടി. അസിസ്റ്റൻറ് എൻജിനിയർ തലശ്ശേരി മുനിസിപ്പാലിറ്റി --(ഒപ്പ് )

5. മുനവർ . എൻ. പി --(ഒപ്പ് )

6. ഹസീന ,ടി. കെ (സന ഫാത്തിമാക്ക് വേണ്ടി-ഉമ്മ )

7. രനിഷ . കെ. വി. ഓവർസിയർ മുഴപ്പിലങ്ങാട് GP

<u>43/02-2024 DT. 21/02/2024 (തലശ്ശേരി മുനിസിപ്പാലിറ്റി )</u>

ഉപജില്ലാ അദാലത്ത് സമിതി പോർട്ടലിൽ, ശ്രീ മുനവർ എൻ. പി,സെറീന, MS റോഡ് , ചിറക്കര തലശ്ശേരി എന്നവർ ലഭ്യമാക്കിയ തലശ്ശേരി മുനിസിപ്പാലിറ്റിയിൽ വാർഡ് നമ്പർ 52 ൽ ഞാൻ പുതുതായി നിർമ്മിച്ചു കൊണ്ടിരിക്കുന്ന കോട്ടേജ്ജിന്റെ രണ്ട് നിലയുടെ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിച്ചുവെങ്കിലും ആയത് CRZ അനുമതിക്കായി മുനിസിപ്പാലിറ്റി അയച്ചുകൊടുത്തില്ല എന്നും ഇത് സംബന്ധിച്ച് മുനിസിപ്പാലിറ്റിയിൽ നിന്നും അംഗീകരിച്ച പ്ലാൻ/ പെർമിറ്റ് എന്നിവയിൽ നിന്നും വ്യതിചലിച്ചു കൊണ്ട് അകാരണമായ നോട്ടീസ് ആണ് ലഭ്യമായിട്ടുള്ളതായി കാണുന്നത് എന്നും ആയതിനാൽ ഫയൽ പരിശോധിച്ചു അനുകൂലമായ തീരുമാനം ഉണ്ടാകണമെന്നുള്ള പരാതി സമിതി പരിശോധിച്ചു. ആയതുപ്രകാരം അപേക്ഷകനെയും മുൻസിപ്പൽ അസിസ്റ്റന്റ് എൻജിനീയറിയെയും നേരിൽകേട്ടതിൽ നിന്നും ഫയൽ പരിശോധിച്ചതിൽ നിന്നും, ടി വിഷയത്തിൽ വിശദമായ പരിശോധന അവശ്യമുള്ളതായി സമിതി വിലയിരുത്തുകയും വിശദമായ പരിശോധന നടത്തി അടുത്ത യോഗത്തിൽ തീരുമാനമെടുക്കുന്നതിന് 07/02/2024 ലെ 42/02-24 പ്രകാരം മാറ്റി വെച്ച് തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 21/02/2024 ന് ഫയൽ പരിശോധിച്ചതിൽ നിന്നും, അപേക്ഷകനേയും മുനിസിപ്പൽ എഞ്ചിനീയറേയും നേരിൽ കേട്ടതിൽ നിന്നും ചുവടെ പറയുന്ന കാര്യങ്ങൾ കമ്മിറ്റിക്ക് ബോധ്യപ്പെട്ടു

1. E3/BA,/344/07-08 DT.04//01/2008 പ്രകാരം ,വാർഡ് നമ്പർ 50, TS നമ്പർ 56 ൽ ബേസ് മെന്റ് -68.87ച. മീ.,ഗ്രൌണ്ട് ഫ്ലോർ -131.99ച. മീ.,ഫസ്റ്റ് ഫ്ലോർ -129.20ച. മീ.,സെക്കന്റ് ഫ്ലോർ 129..20 ച. മീ., മൊത്തം 459.26 ച.മീ. വിസ്തീർണ്ണം വരുന്ന റസിഡൻഷ്യൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചതായി കാണുന്നു

2. E3/BA/344/07-08 DT.20/08/2015 പ്രകാരം ,സെല്ലർ ഫ്ലോർ -81.60 ച. മീ.,ഗ്രൌണ്ട് ഫ്ലോർ - 131.98 ച. മീ.,ഫസ്റ്റ് ഫ്ലോർ -146.20 ച. മീ.,സെക്കന്റ് ഫ്ലോർ - 146.20 ച. മീ.,സ്റ്റേർകേസ് റൂം 22.36 ച. മീ. മൊത്തം 528. 36 ച. മീ. വിസ്തീർണ്ണം വരുന്ന റസിഡൻഷ്യൽ കെട്ടിട നിർമ്മാണത്തിന് റിവൈസ്ഡ് പെർമിറ്റ് അനുവദിച്ചതായി കാണുന്നു.

3. 02/02/2021 ന് സെല്ലർ ഫ്ലോർ -81.60 ച. മീ.,ഗ്രൌണ്ട് ഫ്ലോർ -131.98 ച.മീ. ആകെ 213. 58 ച. മീ. വിസ്തീർണത്തിൽ പാർഷ്യൽ ഓക്യുപൻസി നൽകിയതായി കാണുന്നു.

4. CRZ നോട്ടിഫിക്കേഷൻ 2011 പ്രകാരമുള്ള CZMP പ്രകാരം നിർമ്മാണം വരുന്ന പ്രസ്തുത സ്ഥലം CRZ II ൽ വരുന്നതായി കാണുന്നു.

5. പെർമിറ്റ് പരിശോധിച്ചതിൽ CRZ അനുമതി വാങ്ങാതെയാണ് പെർമിറ്റ്, പാർഷ്യൽ ഓക്യുപൻസി സർട്ടിഫിക്കറ്റ് എന്നിവ അനുവദിച്ചിട്ടുള്ളത് എന്ന് കാണുന്നു . സെക്രട്ടറിയുടെ E3 16420/11 തീയ്യതി 28/12/2023 കത്തിൽ സൂചിപ്പിച്ച വസ്തുതകൾ നിലനിൽക്കുന്നതാണെന്നും പെർമിറ്റ് പ്ലാനുകളിൽ കാണിച്ചിരിക്കുന്ന പാർക്കിംഗ് ചട്ടപ്രകാരമല്ല എന്നും അപ്രായോഗികമാണെന്നും കമ്മിറ്റി വിലയിരുത്തി.

6. CRZ നിബന്ധനകളും കെട്ടിട നിർമ്മാണ ചട്ടങ്ങളും പാലിച്ചുകൊണ്ട് സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ അനുമതിക്കായി സമർപ്പിക്കുവാൻ സാധിക്കുകയുള്ളു എന്ന് അസിസ്റ്റന്റ് എൻജിനീയർ നേരിൽകേട്ട സമയത്ത് അറിയിച്ചിട്ടുണ്ട്.

മേൽ വസ്തുതകളിൽ നിന്നും കെട്ടിട നിർമ്മാണ ചട്ടങ്ങള് പാലിച്ചുകൊണ്ട് നിർമ്മാണത്തിൽ ആവശ്യമായ സംവിധാനങ്ങൾ ഉറപ്പുവരുത്തി അപേക്ഷ സമർപ്പിക്കുന്ന മുറക്ക് മാത്രമേ തുടർനടപടികൾ സാധ്യമാവുകയുള്ളൂ എന്ന് കമ്മിറ്റി നിരീക്ഷിച്ചു. ടി വിവരം നേരിൽകേട്ട സമയത്ത് അപേക്ഷകനെ അറിയിച്ചിട്ടുമുണ്ട്. ആയത് രേഖാമൂലം അപേക്ഷകനെ അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

<u>44/02-2024 DT. 21/02/2024 ((മുഴപിലങ്ങാട് ഗ്രാമപഞ്ചായത്ത് )</u>

ഉപജില്ലാ അദാലത്ത് സമിതി പോർട്ടലിൽ ശ്രീമതി സന ഫാത്തിമ ടി കെ, D/O ഫാത്തിമ ടി. കെ ,ചെറിയ കുഞ്ഞി തയ്യിൽ, സന മൻസ്സിൽ, മുഴപ്പിലങ്ങാട്, കെട്ടിനകം പള്ളി, എന്നവർ ലഭ്യമാക്കിയ, മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് വാർഡ് നമ്പർ 15 ൽ ( പഴയ വാർഡ് 14 ) എന്റെ ഉമ്മാമ കുഞ്ഞാലു എന്നവരുടെ പേരിൽ പഞ്ചായത്ത് ധനസഹായത്തോടുകൂടി പഴയ വീട് ( പഴയ വീട്ട് നമ്പർ 240) പുതുക്കി പുതിയ വീട് നിർമ്മിക്കുകയും 2007 മുതൽ താമസിച്ചു വരികയുമാണ്. ശേഷം 2012 ൽ എന്റെ ഉമ്മ ഹസീനയുടെ പേർക്ക് സ്ഥലം കൈമാറ്റം ചെയ്യുകയും ചെയ്തു. ആയതിനു ശേഷം വീടിന് കെട്ടിടനികുതി, പുതിയ കെട്ടിട നമ്പർ എന്നിവ ഇല്ലാതതിനാൽ അപേക്ഷ സമർപ്പിച്ചതിൽ പഞ്ചായത്തിൽ നിന്നും യാതൊരു നടപടിയും സ്വികരിക്കാത്തതിനാൽ കെട്ടിടത്തിന് നമ്പർ അനുവദിച്ചു തരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന അപേക്ഷയിൽ അപേക്ഷകയുടെ പ്രതിനിധിയെയും ഗ്രാമപഞ്ചായത്ത് ഓവർസിയറേയും നേരിൽ കേട്ടതിൽ നിന്നും, പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചതിന്റെ രേഖകളൊന്നും അപേക്ഷകയുടെ കൈവശം ഇല്ല എന്ന് അപേക്ഷകയുടെ

പ്രതിനിധി അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ടി അപേക്ഷയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയിട്ടില്ല എന്ന് ഓവർസിയറും അറിയിച്ചിട്ടുണ്ട്.

പുതിയ വീട് പഞ്ചായത്തിന്റെ ധനസഹായത്തോടുകൂടിയാണ് നിർമ്മിച്ചത് എന്ന് അപേക്ഷക അപേക്ഷയിൽ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട ഫയൽ പഞ്ചായത്തിൽ നിന്ന് 28/02/2024 ന് പരിശോധിക്കുന്നതിനും ആയതിനുശേഷം സ്ഥലം കൂടി പരിശോധിച്ച് അടുത്ത യോഗത്തിൽ തീരുമാനമെടുക്കുന്നതിന് മാറ്റിവെച്ച് തീരുമാനിച്ചു . ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധന സമയത്ത് ലഭ്യമാക്കുവാൻ സെക്രട്ടറിയോട് അവശ്യപ്പെടുന്നതിനും തീരുമാനിച്ചു .

യോഗം 12.00 മണിക്ക് അവസാനിച്ചു .അടുത്ത യോഗം 29/02/2024 ന് ചേരുന്നതിന് തീരുമാനിച്ചു

//ശരിപ്പകർപ്പ് //

RATNAKARAN. V.V.
PEN: 475963
ASSISTANT DIRECTOR & INTERNAL VIGILANCE OFFICER
O/o THE JOINT DIRECTOR
LOCAL SELF GOVERNMENT DEPARTMENT
CIVIL STATION. KANNUR - 670002